(സി) ഇല്ല.

(ഡി) സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ *Vs.* ടി. എ. കുട്ടപ്പൻ എന്ന കേസിൽ സുപ്രീം കോടതിവിധി അനുസരിച്ച് സഹകരണസംഘം നിയമത്തിലെ വകുപ്പ് 32, 33 എന്നിവ പ്രകാരം നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് സഹകരണ സംഘത്തിൽ പുതിയ അംഗങ്ങളെ ചേർക്കാൻ അധികാരം ഇല്ല.

തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലെ ജനറൽ മാനേജർ-ഡെപ്യൂട്ടി ജനറൽ മാനേജർ നിയമനം

148 [3553] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലെ ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ എന്നീ തസ്തികകളിൽ പി. എസ്. സി. വഴി നിയമനം നടത്തണമെന്ന് ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇങ്ങനെ ഉണ്ടെങ്കിൽ ഈ ഉത്തരവ് നടപ്പിൽ വരുത്തുന്നതിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ എന്നീ തസ്തികകളിലുള്ള ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സഹകരണ ബാങ്കുകളിലെ നിയമനങ്ങളിൽ സർക്കാർ നിയന്ത്രണം

149 [3554] ശ്രീ. എ. എൻ. രാജൻ ബാബു:
,, ഉമേഷ് ചള്ളിയിൽ:
,, കെ. കെ. രാജു:
,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സഹകരണ ബാങ്കുകളിൽ വളരെയധികം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ വകുപ്പുകളിലെ ഒഴിവുകൾ സർക്കാരിനെ അപ്പപ്പോൾ അറിയിക്കണമെന്ന് നിബന്ധനയുണ്ടോ;

(സി) ഉണ്ടെങ്കിൽ സംസ്ഥാനത്ത് സഹകരണ ബാങ്കുകളിലെ വിവിധ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly